റഫ് : DCKNR/7871/16/സി3

**ജില്ലാകലക്ടറുടെ DCKNR/7871/16/സി3 27/04/2017 തീയ്യതിയിലെ നടപടിക്രമം**
**(ഹാജർ : മിർ മുഹമ്മദ് അലി ,ഐ. എ. എസ്സ്)**

വിഷയം : RFCT LARR Act 2013 പ്രകാരം ധർമ്മടം പുഴയ്ക്ക് കുറുകെ റെയിൽവെ പാലം (നമ്പർ 1087) പുനർ നിർപ്പിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിന് - സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് , എക്സ്പേർട്ട് ഗ്രൂപ്പ് ശുപാർശ എന്നിവ പരിശോധിച്ച് ഭൂമി ഏറ്റെടുക്കേണ്ടതിൽ അന്തിമ തീരുമാനം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :1) റെയിൽവെ ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ (നിർമ്മാണം), കണ്ണൂറിന്റെ 11.07.2016 W.271/CN/CAN/Br.1087 , 17.04.2017 ലെയും നം. കത്തുകൾ
2) റവന്യൂ (ബി) വകുപ്പിന്റെ 29/06/2016 ലെ GO(P) No. 376/2016/RD നമ്പർ ഉത്തരവ്
3) റവന്യൂ (ബി) വകുപ്പിന്റെ 29/06/2016 ലെ GO(P) No 377/2016/RD ഉത്തരവ്
4) ചെയർമാൻ, സാമൂഹ്യാഘാത പഠന യൂനിറ്റ് , വിജിൽ ,മട്ടന്നൂരിന്റെ 03.01.2017 ലെ റിപ്പോർട്ട്.
5) ചെയർമാൻ, വിദഗ്ദ്ധ ഗ്രൂപ്പ് 25.01.2017 ലെ റിപ്പോർട്ട്.
6) സ്പെഷ്യൽ തഹസിൽദാർ (എൽ.എ) തലശ്ശേരിയുടെ 15.02.2017 ലെയും02.03.2017 ലെയും എ 829/13 നമ്പർ കത്തുകൾ.

ധർമ്മടം പുഴയ്ക്ക് കുറുകെ റെയിൽവെ പാലം (നമ്പർ 1087) പുനർ നിർപ്പിക്കുന്നതിന് RFCT LARR Act 2013 പ്രകാരം തലശ്ശേരി വില്ലേജിൽ റി. സ 6/1 & 6/4 സർവ്വെ നമ്പറുകളിലായി 47.85 ആർസ് , ധർമ്മടം വില്ലേജിൽ റി. സ 73/3, 73/5, 73/6 , 73/7 , 73/12 സർവ്വെ നമ്പറുകളിലായി 17.01 ആർസ് ആകെ 64.86 ആർസ് ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരിയായ ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ (നിർമ്മാണം), സൗത്തേൺ റെയിൽവെ കണ്ണൂർ സൂചന (1) പ്രകാരം 11.07.2016 ന് ഫോറം നമ്പർ 2 ൽ അർത്ഥന സമർപ്പിച്ചിരുന്നു.

200 ആർ വരെ ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ അതാത് ജില്ലാകലക്ടറെ സമുചിത സർക്കാറായി, സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബാധിക്കപ്പെട്ട പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിൽ മട്ടന്നൂർ എന്ന ഏജൻസിയെ നിയമിക്കുകയും , അതുപ്രകാരം ഏജൻസിയുടെ ചെയർമാൻ സൂചന ( 4 ) പ്രകാരം പഠന റിപ്പോർട്ട്

സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സൂചന ( 3 ) സർക്കാർ ഉത്തരവിന്റെ അടിസ്ഥാലത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ദ്ധ ഗ്രൂപ്പിനെ RFCT LARR Act 2013 ലെ വകുപ്പ് 7(1) പ്രകാരം രൂപീകരിച്ചിരുന്നു . വിദഗ്ദ്ധ ഗ്രൂപ്പ് ചെയർമാൻ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി സൂചന (5) പ്രകാരം ശുപാർശ സമർപ്പിച്ചതിൽ ധർമ്മടം വില്ലേജിൽ ഒരു കുടുംബത്തെ കുടിയൊഴിപ്പിക്കേണ്ടതുണ്ടെന്നും ആയതിലേക്ക് നിയമാനുസരണം പകരം സംവിധാനത്തിനുള്ള നടപടി കൈക്കൊള്ളേണ്ടതുണ്ടെന്നും ഏറ്റെടുക്കേണ്ട ഭൂമിയുടെ തരം, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ടെന്നും ശുപാർശ ചെയ്തിരുന്നു.

വിദഗ്ദ്ധ ഗ്രൂപ്പ് സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാത്തിൽ ഏറ്റെടുക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണം, തരം എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തിയതിൽ , തലശ്ശേരി വില്ലേജിൽ റി. സ 6/1 & 6/4 സർവ്വെ നമ്പറുകളിലായി 58.96 ആർസും, ധർമ്മടം വില്ലേജിൽ റി. സ 73/3, 73/5, 73/6 , 73/7 , 73/12 സർവ്വെ നമ്പറുകളിലായി 9.03 ആർസും ആകെ 67.99 ആർസ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ടന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) തലശ്ശേരി സൂചന (6) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കൂടാതെ തലശ്ശരി വില്ലേജിലെ ഭൂമിയുടെ തരം ഭൂമിയിൽ കണ്ടത് പ്രകാരവും , റിക്കാർഡ് പ്രകാരവും റി. സ നമ്പർ 6/1 സ്ഥിര പുഞ്ചയും റി. സ നമ്പർ 6/4 നഞ്ചയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഏറ്റെടുക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണത്തിൽ വ്യത്യാസം വന്നതിനാൽ സൂചന (1) പ്രകാരം അർത്ഥനാധികാരിയായ റെയിൽവെ ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ (നിർമ്മാണം) 67.99 ആർസ് ഭൂമി ഏറ്റെടക്കേണ്ടതിനായി പുതുക്കിയ അർത്ഥന 17.04.2017 ന് സമർപ്പിച്ചിട്ടുണ്ട്.

ധർമ്മടം പുഴയ്ക്ക് കുറുകെ ഇന്ത്യൻ റെയിൽവെ നിലവിൽ നിർമ്മിച്ച 1087 നമ്പർ പാലത്തിന് ഏതാണ്ട് 1 1 0 വർഷത്തെ പഴക്കമുണ്ടെന്നും ഈ പാലം പുനർനിർമ്മിക്കേണ്ടത് ദൈനംദിനം ഇതുവഴി യാത്ര ചെയ്യുന്ന ആയിരക്കണക്കിന് യാത്രക്കാരുടെ സുരക്ഷിതത്വത്തിന് അനിവാര്യമാണെന്നും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം നിലവിലുള്ള റെയിൽവെ ലൈനിന്റെ തൊട്ട് തന്നെയാണെന്നും ഇതല്ലാതെ ഉപയുക്തമായ സ്ഥലം റെയിൽവെയുടെയോ, സർക്കാർ കൈവശത്തിലോ ഇല്ലെന്നും , റെയിൽവ ഏറ്റവും കുറവ് ഭൂമി മാത്രമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും വളരെ ചെറിയ അളവിൽ ഭൂമി ഏറ്റെടുക്കുന്നതിനാൽ പദ്ധതിയിൽ ബാധിക്കപ്പെട്ടവരുടെ എണ്ണം കുറവുമാണെന്ന് സാമൂഹ്യഘാത പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട് . ഏറ്റെടുക്കേൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ റെയിൽവ പാലം പുനർനിർമ്മിക്കുന്നതിന് നിർബന്ധമായും ആവശ്യമാണെന്നും പകരം ഭൂമി ഒന്നും തന്നെ ലഭ്യമല്ലെന്നും വിദഗ്ദ്ധ ഗ്രൂപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തലശ്ശേരി വില്ലേജിൽ റി. സ 6/1 & 6/4 സർവ്വെ നമ്പറുകളിലായി 58.96 ആർസും, ധർമ്മടം വില്ലേജിൽ റി. സ 73/3, 73/5, 73/6 , 73/7 , 73/12 സർവ്വെ നമ്പറുകളിലായി 9.03 ആർസും ആകെ 67.99 ആർസ് ഭൂമി RFCT LARR Act ലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും വിധേയമായി

ഏറ്റെടുക്കുന്നതിനായി സമുചിത സർക്കാർ എന്ന നിലയിൽ ഇതിനാൽ ഉത്തരവാകുന്നു.

MIR MOHAMMED ALI
**DISTRICT COLLECTOR**

പകർപ്പ്:

1) റവന്യൂ ഡിവിഷണൽ ഓഫീസർ, തലശ്ശേരി
2) തഹസിൽദാർ, തലശ്ശേരി
3) സ്പെഷ്യൽ തഹസിൽദാർ (എൽ. എ), തലശ്ശേരി
4) സെക്രട്ടറി, ധർമ്മടം ഗ്രാമ പഞ്ചായത്ത്
5) സെക്രട്ടറി, തലശ്ശേരി നഗരസഭ
6) വില്ലേജ് ഓഫീസർ, ധർമ്മടം
7) വില്ലേജ് ഓഫീസർ , തലശ്ശേരി
8) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (നിർമ്മാണം), സതേൺ റെയിൽവെ, കണ്ണൂർ

Signature valid

Digitally signed by MIR MOHAMMED ALI
Date: 2017.04.27 [illegible]:29:24 IST
Reason: Approved